"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2023-24 — സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും, ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള പ്രാരംഭ ചെലവുകൾക്കായി ധനസഹായം അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.80/2024/Co-Op തീയതി,തിരുവനന്തപുരം, 07-02-2024

---

പരാമർശം:- 1. 06.11.2020 ലെ G.O.(Rt)No.579/2020/Coop, നം. ഉത്തരവ്

2. സഹകരണ സംഘം രജിസ്ട്രാറുടെ 25.11.2023 ലെ പി&എം (എ1) 4087/2023 നം. കത്ത്.

3. 30/11/2023 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം

**ഉത്തരവ്**

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും, ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും, ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനായി SaaS (Software as a Service) Model തെരഞ്ഞെടുത്തിരുന്നു. ടി പദ്ധതിയുടെ പ്രാരംഭചെലവുകൾക്കായി, സഹകരണ വകുപ്പിന്റെ ആധുനികവത്ക്കരണത്തിനായി 2425-107-66-34-3 ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 400 ലക്ഷം രൂപ 2023-2024 സാമ്പത്തിക വർഷത്തിൽ വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച പ്രപ്പോസൽ 30.11.2024ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിക്കുകയും പ്രസ്തുത പദ്ധതിയുടെ പ്രാരംഭ ചെലവുകൾക്കായി 4,00,00,000/- രൂപ (4 കോടി രൂപ)

അനുവദിക്കുന്നതിന് അംഗീകാരം നൽകുകയും ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും, ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് പ്രാരംഭ ചെലവുകൾക്കായി 4,00,00,000/- രൂപ (നാലു കോടി രൂപ) 2023-2024 സാമ്പത്തിക വർഷത്തിൽ സഹകരണ വകുപ്പിന്റെ ആധുനികവത്ക്കരണത്തിനായി വകയിരുത്തിയിട്ടുള്ള 2425-107-66-34-3 ശീർഷകത്തിൽ നിന്നും അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

AJI PHILIP

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ്

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
Date: 08-02-2024 11:36:04

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്

3 സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി എ.